# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1860 07/03/2017-ൽ മറുപടിക്ക്

## കർഷകരുടെ ആശങ്ക പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ആശങ്ക പരിഹരിക്കാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.<br><br>കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23.06.2016 ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും കർഷകരുടെ ആശങ്ക പരിഹരിക്കണമെന്നും, ഏത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23.02.2017 ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ